**പതിമൂന്നാം കേരള നിയമസഭ**

# സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2011–2014)

## നാലാമത് റിപ്പോർട്ട്

(വികലാംഗരുടെ പി. എസ്. സി. മുഖേനയുള്ള നിയമനം സംബന്ധിച്ച റിപ്പോർട്ട്)

(2012 ജൂലൈ മാസം 24–ാം തീയതി സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2011–2014)

## നാലാമത് റിപ്പോർട്ട്

(വികലാംഗരുടെ പി. എസ്. സി. മുഖേനയുള്ള നിയമനം സംബന്ധിച്ച റിപ്പോർട്ട്)

(2012 ജൂലൈ മാസം 24–ാം തീയതി സമർപ്പിച്ചത്)

1171/2012.

# ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I | .. | 8 |
| അനുബന്ധം II | .. | 13 |

# സമിതിയുടെ ഘടന

അദ്ധ്യക്ഷൻ :

ശ്രീ. മോൻസ് ജോസഫ്

അംഗങ്ങൾ :

ശ്രീമതി ഇ. എസ്. ബിജിമോൾ

ഡോ. കെ. ടി. ജലീൽ

ശ്രീമതി കെ. കെ. ലതിക

ശ്രീ. സി. മോയിൻകുട്ടി

ശ്രീമതി കെ. എസ്. സലീഖ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. പി. ഉബൈദുള്ള

ശ്രീ. എം. പി. വിൻസെന്റ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്
ശ്രീ. കെ. ഉദയകുമാർ, ജോയിന്റ് സെക്രട്ടറി
ശ്രീമതി ജെ. മേരി ഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീ. കെ. സുരേഷ് കുമാർ, അണ്ടർ സെക്രട്ടറി.

## ആമുഖം

സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

വികലാംഗരുടെ പി. എസ്. സി. നിയമനം സംബന്ധിച്ച് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2012 ജൂലൈ മാസം 19-ാം തീയതി കൂടിയ യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

മോൻസ് ജോസഫ്,

*അദ്ധ്യക്ഷൻ,*
*സ്ത്രീകളുടെയും കുട്ടികളുടെയും*
*വികലാംഗരുടെയും ക്ഷേമം*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2012 ജൂലൈ 24.

# റിപ്പോർട്ട്

ഒരു വ്യക്തിയെ സംബന്ധിച്ച് ഏറ്റവും പ്രധാനമായ കാര്യങ്ങളിലൊന്നാണ് പരാശ്രയം കൂടാതെ സ്വന്തം കാര്യങ്ങൾ നടത്തുകയെന്നത്. സ്വന്തം കാലിൽ നിൽക്കാൻ കഴിയാത്ത വികലാംഗരുടെ ജീവിതം ഏറ്റവും ക്ളേശകരവും വേദനാജനകവുമാണ്. അംഗവൈകല്യം ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ വെല്ലുവിളി തന്നെയാണ്. സാധാരണ വിദ്യാഭ്യാസം ഇക്കൂട്ടരിൽ ഭൂരിപക്ഷത്തിനും അപ്രാപ്യമാണ്. ഇത് തൊഴിലില്ലായ്മയിലേക്കും പരാശ്രയത്തിലേക്കും മറ്റ് ദുരിതപൂർണ്ണമായ ജീവിത സാഹചര്യങ്ങളിലേക്കും ഇവരെ എത്തിക്കുന്നു. 1995-ലെ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റി ആക്റ്റ് പ്രകാരം ഇവർക്ക് തുല്യ അവസരവും അവകാശസംരക്ഷണവും പൂർണ്ണ പങ്കാളിത്തവും ലഭിക്കേണ്ടതുണ്ട്. ഈ ആക്ടിലെ 38-ാം വകുപ്പിൽ വികലാംഗർക്ക് ജോലി ഉറപ്പു വരുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണമെന്നും നിഷ്ക്കർഷിച്ചിരിക്കുന്നു. വികലാംഗരുടെ അവകാശങ്ങളെയും അർഹതപ്പെട്ട ആനുകൂല്യങ്ങളെയുംപറ്റി ശബ്ദമുയർത്താൻ ഒറ്റപ്പെട്ടതും ചെറുതുമായ നിരവധി സംഘടനകൾ പ്രവർത്തിച്ചുവരുന്നു. ഇവരുടെ ശബ്ദപരിമിതി തിരിച്ചറിയുന്ന അധികാരികളും ഉദ്യോഗസ്ഥരും ഇവരെ പ്രത്യേകമായി പരിഗണിച്ച് സർക്കാർ തലത്തിൽ സത്വര നടപടികൾ സ്വീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

2. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 261 ബി (2)(ഡി) പ്രകാരം സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം കൈകാര്യം ചെയ്യുന്ന സർക്കാർ വകുപ്പുകളുടേയും സ്ഥാപനങ്ങളുടേയും പ്രവർത്തനം അവലോകനം ചെയ്ത് നിർദ്ദേശങ്ങൾ നൽകുവാൻ ഈ സമിതിക്ക് അധികാരമുണ്ട്. വികലാംഗക്ഷേമം എന്ന ലക്ഷ്യം മുൻനിർത്തി, വികലാംഗർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഈ ജനവിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ട് വന്ന് മറ്റുള്ളവരോടൊപ്പം മുന്നേറാൻ സജ്ജമാക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങളും ശുപാർശകളും നൽകുക എന്നത് ഈ സമിതിയുടെ കർത്തവ്യങ്ങളിൽ ഉൾപ്പെടുന്നു. ചട്ടം 205(എ) അനുസരിച്ച് സമിതിയുടെ റിപ്പോർട്ടിലെ ശുപാർശകൾ ബന്ധപ്പെട്ട സർക്കാർ വകുപ്പ് പരിശോധിക്കേണ്ടതും റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ്, റിപ്പോർട്ട് സർക്കാർ കൈപ്പറ്റിയ തീയതി മുതൽ 2 മാസത്തിനകം സമിതിക്ക് നൽകേണ്ടതുമാണ്.

3. ശാരീരിക അവശതകളും മറ്റ് പ്രതികൂല സാഹചര്യങ്ങളും മറികടന്ന് വിദ്യാഭ്യാസം നേടിയിട്ടുള്ള വികലാംഗർക്ക് സംസ്ഥാന തൊഴിൽ മേഖലയിൽ സംവരണം ചെയ്തിട്ടുള്ള 3% ഒഴിവുകൾ 2003 വരെ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയാണ് നികത്തിയിരുന്നത്. 2004-ൽ ഈ ചുമതല പബ്ളിക് സർവ്വീസ് കമ്മീഷനെ സർക്കാർ ഏൽപ്പിക്കുകയുണ്ടായി. എന്നാൽ പി.എസ്.സിയെ ഏൽപ്പിച്ചശേഷം 2004 മുതൽ 2007 വരെയുള്ള നാലു വർഷക്കാലം വികലാംഗർക്കുള്ള സംവരണതസ്തികകൾ കണ്ടെത്തി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ നടപടി സ്വീകരിക്കാത്തതുമൂലം വിവിധ വകുപ്പുകളിലായി 1188 ഒഴിവുകൾ വർഷങ്ങളായി ബാക്ക്ലോഗ് ആയി കിടക്കുകയുണ്ടായി.

4. 2004 മുതൽ 2007 വരെ വികലാംഗ സംവരണ തസ്തികകളിൽ ഉണ്ടായ ഒഴിവുകൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്ന പ്രക്രിയ മോണിട്ടർ ചെയ്ത് വികലാംഗ നിയമനം ത്വരിതപ്പെടുത്തുന്നതിന് ധനകാര്യം, പൊതുഭരണം, സാമൂഹ്യക്ഷേമം, ആരോഗ്യം എന്നീ വകുപ്പ് സെക്രട്ടറിമാരെ ഉൾപ്പെടുത്തി ഹൈപവർ കമ്മിറ്റി രൂപീകരിച്ചിരുന്നുവെങ്കിലും ഈ ഹൈപവർ കമ്മിറ്റിയുടെ പ്രവർത്തനവും വികലാംഗ നിയമനം ഫലപ്രാപ്തിയിലെത്തിക്കാൻ പര്യാപ്തമായില്ലെന്ന് സമിതി കണ്ടെത്തി. നിയമന നടപടികൾ പൂർത്തിയാകാതെ വന്ന സാഹചര്യത്തിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി ബാക്ക്ലോഗ് തസ്തികകൾ നികത്തുന്നതിന് 24-1-2011-ലെ ജി.ഒ.(പി) 7/2011 പ്രകാരം സർക്കാർ ഉത്തരവിറക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിറക്കി ഒരു വർഷം കഴിഞ്ഞിട്ടും ബാക്ക്ലോഗ് വന്ന ഒഴിവുകളിൽ വളരെ കുറച്ച് ഒഴിവുകൾ മാത്രമേ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുവാൻ കഴിഞ്ഞുള്ളൂ. ഒഴിവുകൾ പൂർണ്ണമായും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാതിരുന്നതിനാൽ മേൽ ഉത്തരവ് പ്രകാരം സ്പെഷ്യൽ റിക്രൂട്ട്മെന്റിനുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുവാൻ പി.എസ്.സി.ക്ക് കഴിഞ്ഞതുമില്ല.

5. ഈ സാഹചര്യത്തിൽ പി.എസ്.സി. നിയമനങ്ങളിൽ ലഭിക്കേണ്ട 3% സംവരണം ലഭിക്കാത്തത് സംബന്ധിച്ച് അർഹരായ വികലാംഗ ഉദ്യോഗാർത്ഥികളിൽ നിന്നും സംഘടനകളിൽ നിന്നും നിരവധി പരാതികൾ സമിതിക്ക് ലഭിക്കുകയുണ്ടായി. തുടർന്ന് നടത്തിയ പരിശോധനയിൽ സമൂഹത്തിൽ ഏറ്റവും പരിഗണന ലഭിക്കേണ്ട വികലാംഗരുടെ നിയമനകാര്യത്തിൽ ഗുരുതരമായ വീഴ്ചയും കാലതാമസവും ഇക്കാര്യങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കേണ്ട സാമൂഹ്യക്ഷേമ വകുപ്പിന്റെ ഭാഗത്തു നിന്നും ഉണ്ടായതായി സമിതിക്ക് ബോധ്യപ്പെട്ടു. ഇത് ഒരു തരത്തിലും ന്യായീകരിക്കാൻ കഴിയുന്നതല്ലെന്ന് സമിതി വിലയിരുത്തി. അതുപോലെ തസ്തികകൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യേണ്ട വിവിധ വകുപ്പുകളുടെ ഭാഗത്തുനിന്നും ക്രിയാത്മകമായ ഒരു നടപടിയും ഉണ്ടായിട്ടില്ലെന്നും സമിതി കണ്ടെത്തി. സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തണമെന്ന് തീരുമാനമെടുത്ത് ഉത്തരവിറക്കിയതിന്റെ പശ്ചാത്തലം തന്നെ ബന്ധപ്പെട്ട വകുപ്പുകൾ ഈ വിഷയത്തിൽ കാട്ടിയ ദീർഘകാലത്തെ അനാസ്ഥയും കാലതാമസവുമാണെന്ന് സമിതി വിലയിരുത്തി. മേൽപ്പറഞ്ഞ സാഹചര്യത്തിലാണ് സമിതി 2012 ഫെബ്രുവരി 15-ാം തീയതി സാമൂഹ്യക്ഷേമം, ആരോഗ്യം, പൊതുഭരണം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പു സെക്രട്ടറിമാരിൽ നിന്നും ഈ വിഷയത്തിന്മേൽ തെളിവെടുപ്പ് നടത്തിയത്.

6. പ്രസ്തുത യോഗത്തിൽ, 2004 മുതൽ 2007 വരെയുള്ള കാലയളവിൽ വികലാംഗരുടെ ബാക്ക്ലോഗ് നിയമനത്തിനായി 1188 ഒഴിവുകൾ വിവിധ വകുപ്പുകളിൽ കണ്ടെത്തിയിരുന്നെന്നും എന്നാൽ 5 ഒഴിവുകൾ മാത്രമേ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിരുന്നതായി രേഖപ്പെടുത്തിയിട്ടുള്ളൂവെന്നും ഒഴിവുകൾ പൂർണ്ണമായി റിപ്പോർട്ട് ചെയ്യുന്നതിനായി 5-3-2012-ൽ വിവിധ വകുപ്പു തലവന്മാർ പങ്കെടുക്കുന്ന ഒരു ഏകദിന അദാലത്ത് സംഘടിപ്പിക്കുന്നുണ്ടെന്നും സാമൂഹ്യക്ഷേമ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

7. 5-3-2012-ൽ സർക്കാർ സംഘടിപ്പിച്ച അദാലത്തിൽ വച്ച് 57 വകുപ്പുകളിലായി ക്ളാസ്സ് II, III, IV തസ്തികകളിൽ 1039 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ കഴിഞ്ഞതായും പ്രസ്തുത ഒഴിവുകൾ പി.എസ്.സി. അടിയന്തിരമായി നോട്ടിഫൈ ചെയ്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി വികലാംഗർക്ക് സംവരണം ചെയ്ത ഒഴിവുകളിൽ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും 14-3-2012-ൽ സാമൂഹ്യക്ഷേമ വകുപ്പ് രേഖാമൂലം സമിതിയെ അറിയിച്ചു (കത്തും ഉള്ളടക്കവും അനുബന്ധം I-ആയി ചേർത്തിരിക്കുന്നു).

8. സമിതി ഈ വിഷയം ഗൗരവമായി പരിഗണിക്കുകയും തെളിവെടുപ്പുകളുമായി മുന്നോട്ട് പോകുകകയും ചെയ്തതിന്റെ പശ്ചാത്തലത്തിലാണ് ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനായി 57 സർക്കാർ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് പ്രത്യേക അദാലത്ത് സംഘടിപ്പിച്ചത്. വികലാംഗ നിയമനം 2004-ൽ പി.എസ്.സി.യെ ഏൽപ്പിച്ച് ഏകദേശം 8 വർഷം കഴിഞ്ഞശേഷം പ്രത്യേക അദാലത്തിലൂടെ മാത്രമേ 2004 മുതൽ 2007 വരെയുള്ള ബാക്ക്‌ലോഗ് ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ സർക്കാരിന് കഴിഞ്ഞിട്ടുള്ളൂ. സമിതിയുടെ ശക്തമായ ഇടപെടലിനെ തുടർന്ന് വികലാംഗ നിയമനം ത്വരിതപ്പെടുത്തുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിച്ച നടപടിയും തത്ഫലമായി വിവിധ തസ്തികകളിലായി 1188 ഒഴിവുകളിലേക്ക് വികലാംഗരുടെ സ്പെഷ്യൽ റിക്രൂട്ട്മെന്റിന് 30-4-2012-ന് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാൻ കഴിഞ്ഞതും സമിതി സ്വാഗതം ചെയ്യുന്നു. അതോടൊപ്പം തന്നെ മേൽ നോട്ടിഫിക്കേഷൻ പ്രകാരമുള്ള വികലാംഗ നിയമനങ്ങൾ സമയബന്ധിതമായും പൂർണ്ണമായും നടന്നോയെന്ന് കൃത്യമായി നിരീക്ഷിക്കണമെന്നും ഇവ സംബന്ധിച്ച വിശദാംശങ്ങൾ സമിതിയെ അറിയിക്കണമെന്നും സാമൂഹ്യക്ഷേമ വകുപ്പിനോട് ശുപാർശ ചെയ്യുന്നു.

9. വികലാംഗർക്ക് സംസ്ഥാന സർവ്വീസിൽ ജോലി ലഭിക്കുന്നതിന് 10 മുതൽ 15 വയസ്സുവരെ ഇളവനുവദിക്കുന്നുണ്ടെങ്കിലും സംസ്ഥാന സർവ്വീസിലേക്ക് പരിഗണിക്കുന്നതിന് പരമാവധി പ്രായം 50 ആയി നിജപ്പെടുത്തിയിരിക്കുന്നു. 2004 മുതലുള്ള ബാക്ക്‌ലോഗ് നികത്തുവാൻ 8 വർഷത്തോളം സമയം എടുത്ത സാഹചര്യത്തിൽ അർഹരായ പലർക്കും ഉയർന്ന പ്രായപരിധി കഴിഞ്ഞതിനാൽ അവസരം നഷ്ടപ്പെടുവാൻ ഇടയായിട്ടുണ്ട്. വിവിധ വകുപ്പുകളിൽ വികലാംഗർക്കായി സംവരണം ചെയ്തിട്ടുള്ള തസ്തികകളിലെ ഒഴിവുകൾ കണ്ടെത്തി യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്ന നടപടി ഏകോപിപ്പിക്കുന്നതിലും ത്വരിതപ്പെടുത്തുന്നതിലും സാമൂഹ്യക്ഷേമ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയും അനാസ്ഥയുമാണ് മേൽപ്പറഞ്ഞ കാലതാമസത്തിന്റെ പ്രധാനകാരണമായി സമിതി കാണുന്നത്. ഈ വിഷയത്തിൽ സംഭവിച്ചിട്ടുള്ള ഗുരുതരമായ വീഴ്ചയുടെ അടിസ്ഥാനത്തിൽ പാഠം ഉൾക്കൊണ്ടുകൊണ്ട് ഭാവിയിൽ ഇത്തരം സ്ഥിതിവിശേഷം ആവർത്തിക്കാതിരിക്കാൻ, സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും സാമൂഹ്യ പരിരക്ഷ അർഹിക്കുന്ന മറ്റ് ജനവിഭാഗങ്ങളുടെയും ക്ഷേമം കൈകാര്യം ചെയ്യുന്ന വകുപ്പിന്റെ ഇന്നത്തെ പ്രവർത്തന ശൈലിയിൽ നിലനിൽക്കുന്ന പോരായ്മകൾ പരിഹരിച്ച് ചുമതലകൾ ഏറ്റവും ഫലപ്രദമായും മാതൃകാപരമായും നിർവ്വഹിക്കുന്നതിന് സാമൂഹ്യക്ഷേമവകുപ്പിനെ സജ്ജമാക്കണമെന്നും അതിനായി പ്രവർത്തനങ്ങളിൽ കാതലായ മാറ്റം വരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

10. വിവിധ വകുപ്പുകളിൽ വികലാംഗർക്കായി സംവരണം ചെയ്തിട്ടുള്ള തസ്തികകളിലെ ഒഴിവുകൾ കണ്ടെത്തി യഥാസമയം പി. എസ്. സിക്ക് റിപ്പോർട്ട് ചെയ്യുന്നതിനും മുഖ്യ പട്ടികയോടൊപ്പം വികലാംഗർക്കായുള്ള ഉപപട്ടികയും പ്രസിദ്ധീകരിക്കണമെന്ന് പി.എസ്.സി.യോട് ശുപാർശ ചെയ്യുന്നതിനും ഇത് സംബന്ധിച്ച നടപടികൾ ഏകോപിപ്പിക്കുന്നതിനായി പ്രധാന വകുപ്പു മേധാവികൾ, പബ്ളിക് സർവ്വീസ് കമ്മീഷനിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ഒരു സ്ഥിരം മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

11. ബാക്ക്‌ലോഗായി കണ്ടെത്തിയ 1188 തസ്തികകളിൽ 1039 തസ്തികകൾ മാത്രമേ 5-3-2012-ലെ അദാലത്തിലൂടെ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുളളതായി സമിതിയെ അറിയിച്ചിട്ടുള്ളൂ. ബാക്കി 149 തസ്തികകൾ, ഏതെല്ലാം വകുപ്പുകളിലെന്നും, ഏതെല്ലാം കാറ്റഗറികളിലെന്നും കണ്ടെത്തി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്താൽ മാത്രമേ സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രക്രിയ പൂർണ്ണമാക്കുവാൻ പി.എസ്.സി.ക്ക് കഴിയുകയുള്ളൂ. ആകയാൽ ബാക്കിയുള്ള 149 തസ്തികകൾ സമയബന്ധിതമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയും വിശദാംശങ്ങൾ സമിതിയെ അറിയിക്കുകയും ചെയ്യണമെന്ന് ശുപാർശ ചെയ്യുന്നു.

12. ഏകദിന അദാലത്തിൽ ബാക്ക്‌ലോഗ് വന്ന ഒഴിവുകളിൽ ക്ളാസ്സ് II, ക്ളാസ്സ് III, ക്ളാസ്സ് IV തസ്തികകളിലെ ഒഴിവുകളാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തതായി സമിതിക്ക് ബോധ്യപ്പെട്ടത്. ബാക്ക്‌ലോഗ് വന്ന ഒഴിവുകളിൽ ക്ളാസ്സ് I തസ്തികയിൽ ഏതെങ്കിലും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ടെങ്കിൽ ആയതു കണ്ടെത്തി അടിയന്തിരമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

13. 2004 മുതൽ 2007 വരെ വികലാംഗ നിയമനം ബാക്ക്‌ലോഗ് ആയ പശ്ചാത്തലത്തിൽ 1-1-2008 മുതൽ 31-12-2011 വരെയുളള നാലു വർഷക്കാലം നടത്തിയ പി.എസ്.സി. നിയമനങ്ങളിൽ 3% വികലാംഗ സംവരണം പൂർണ്ണമായി പാലിച്ചിട്ടുണ്ടോ എന്ന കാര്യവും സമിതി പരിഗണിക്കുകയുണ്ടായി. 2007 വരെ കാലയളവിലെ സംവരണ തസ്തികകളിലെ ഒഴിവുകൾ അദാലത്തിലൂടെ കണ്ടെത്തി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തേണ്ടിവന്ന സാഹചര്യത്തിൽ 2008 മുതൽ 2012 വരെയുളള കാലയളവിലും ബാക്ക്‌ലോഗ് ഉണ്ടായിട്ടുണ്ടാകും എന്ന് സമിതി സംശയിക്കുന്നു. പ്രസ്തുത കാലയളവിലെ ബാക്ക്‌ലോഗ് സംബന്ധിച്ച വിശദാംശങ്ങൾ നൽകുവാൻ സാമൂഹ്യക്ഷേമ വകുപ്പിനോട് 28-3-2012-ൽ കത്ത് മുഖേന സമിതി ആവശ്യപ്പെട്ടതിന് പ്രസ്തുത വിവരങ്ങൾ സംബന്ധിച്ച റിപ്പോർട്ട് പി.എസ്.സി.യോടും സാമൂഹ്യക്ഷേമ ഡയറക്ടറോടും ആവശ്യപ്പെട്ടിരിക്കുകയാണെന്ന് 2-5-2012-ലെ 2043/ഡി1/2012 നമ്പർ കത്തിലൂടെ സാമൂഹ്യക്ഷേമ വകുപ്പ് അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ 2008 മുതൽ 2011 വരെ കാലയളവിൽ നടന്ന പി.എസ്.സി. നിയമനങ്ങളിൽ വികലാംഗർക്ക് അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കണമെന്നും ബാക്ക്‌ലോഗ് ഉണ്ടായിട്ടുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനായി ഒഴിവുകൾ കണ്ടെത്തി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്നും ശുപാർശ ചെയ്യുന്നു.

14. 19-7-2008-ലെ ജി. ഒ. പി.നമ്പർ 46/2008/സാ.ക്ഷേ.വ. ഉത്തരവ് പ്രകാരം 100 ഒഴിവുകളുള്ള റൊട്ടേഷനിൽ 33, 66, 99 എന്നീ നമ്പരുകളിലെ അവസരങ്ങൾ യഥാക്രമം അന്ധർ, ബധിരരും മൂകരും, അസ്ഥിവൈകല്യമുള്ളവർ എന്നീ വിഭാഗങ്ങൾക്കായി സംവരണം ചെയ്തിരിക്കുന്നു. ഈ ഉത്തരവ് പ്രകാരം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതു സംബന്ധിച്ച് വകുപ്പദ്ധ്യക്ഷന്മാർ പി.എസ്.സി.യുമായി റികൺസിലിയേഷൻ നടത്തേണ്ടത് വളരെ അനിവാര്യമാണ്. എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ നിയമന കാര്യത്തിൽ സ്വീകരിച്ചു വരുന്നതിനു സമാനമായ ഒരു മോണിറ്ററിംഗ് സംവിധാനം വികലാംഗരുടെ നിയമന കാര്യത്തിലും ആവശ്യമാണെന്ന് സമിതി കരുതുന്നു. ഓരോ വർഷവും നടക്കുന്ന പി.എസ്.സി. നിയമനങ്ങളിൽ വികലാംഗർക്ക് അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടുണ്ടോയെന്ന് മോണിറ്റർ ചെയ്യുന്നതിനായി വിവിധ വകുപ്പുകളിൽ നടന്ന നിയമനങ്ങളിൽ വികലാംഗരുടെ പ്രാതിനിധ്യം സംബന്ധിച്ച വിവരങ്ങൾ ഓരോ വകുപ്പിൽ നിന്നും സാമൂഹ്യക്ഷേമ വകുപ്പ് ശേഖരിക്കുകയും ഏതൊക്ക വകുപ്പുകളിലാണ് ബാക്ക്‌ലോഗ് ഉള്ളതെന്ന് കണ്ടെത്തി ആയത് സമയബന്ധിതമായി പരിഹരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമായി സഹകരിച്ച് നടപടി സ്വീകരിക്കുകയും ചെയ്യുന്നതിനുള്ള ഒരു സ്ഥിരം മോണിറ്ററിംഗ് സംവിധാനം രൂപീകരിക്കണമെന്നും വികലാംഗ നിയമനം സംബന്ധിച്ച വിവരങ്ങൾ യഥാസമയം ലഭ്യമാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

15. റിസർവേഷൻ വേക്കൻസികൾ കണ്ടെത്തിക്കഴിഞ്ഞാൽ അവ പി.എസ്.സി.യുടെ ജില്ലാ ഓഫീസുകളിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് വീണ്ടും കാലതാമസമുണ്ടാകുന്നതിന് കാരണമാകുമെന്ന് തെളിവെടുപ്പിൽ വ്യക്തമാകുകയുണ്ടായി. ആകയാൽ റിസർവേഷൻ വേക്കൻസികൾ സംബന്ധിച്ച വിവരം കാലതാമസം ഒഴിവാക്കുന്നതിനായി പി.എസ്.സി.യുടെ ഹെഡ്ക്വാർട്ടേഴ്സിലേക്ക് നേരിട്ട് റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശം സാമൂഹ്യക്ഷേമവകുപ്പ് പുറപ്പെടുവിക്കേണ്ടതാണ്.

16. വികലാംഗർക്കും എസ്.സി./എസ്.ടി. വിഭാഗത്തിനും ഓരോ വകുപ്പിലും അർഹമായി വരുന്ന സംവരണ തസ്തികകൾ പെട്ടെന്ന് കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിൽ നിലവിലുള്ള സംവിധാനത്തിൽ പോരായ്മകൾ ഉണ്ടെന്നും അതിനു പരിഹാരമായി ഓരോ വകുപ്പിലും ഉള്ള മുഴുവൻ ജീവനക്കാരുടേയും ഡേറ്റാ ബേസ് തയ്യാറാക്കി കമ്പ്യൂട്ടർ പ്ളാറ്റ്ഫോമിൽ കൊണ്ടുവരേണ്ടതാണെന്നും ഇപ്പോൾ സർക്കാർ വകുപ്പുകളിൽ നടപ്പിലാക്കിയിട്ടുള്ള സ്പാർക്ക് സംവിധാനം അത്തരത്തിലുള്ളതാണെന്നും ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ഓരോ വകുപ്പിലേയും ജീവനക്കാരെ സംബന്ധിച്ച ഡേറ്റാബേസ് ലഭ്യമല്ലാതിരുന്നതിനാലാണ് ചീഫ് സെക്രട്ടറി നേരിട്ട് റിവ്യൂ നടത്തിയിട്ടും വകുപ്പു സെക്രട്ടറിമാർക്ക് അവരവരുടെ വകുപ്പിലെ ബാക്ക്‌ലോഗ് ഒഴിവുകൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യാൻ കഴിയാതിരുന്നതെന്ന് സമിതി വിലയിരുത്തുന്നു. ഓരോ വർഷവും ജീവനക്കാരെ സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ശേഖരിക്കുകയും അത് അപ്ഡേറ്റ് ചെയ്യുകയും ചെയ്താൽ വികലാംഗ സംവരണം മാത്രമല്ല പി.എസ്.സി. നിയമനങ്ങളുമായി ബന്ധപ്പെട്ട് എല്ലാത്തരം സംവരണ തസ്തികകളിലെയും ഒഴിവുകൾ സമയബന്ധിതമായി കണ്ടെത്തി റിപ്പോർട്ട് ചെയ്യുവാനും സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടപടിക്രമം തന്നെ ഒഴിവാക്കാനും കഴിയും. ആകയാൽ ഓരോ ഡിപ്പാർട്ട്മെന്റിലും ഓരോ തസ്തികകളിലും എത്ര ജീവനക്കാർ വീതം ഉണ്ടെന്നും

അതിൽ എത്ര ഒഴിവുകളുണ്ടെന്നും എത്ര തസ്തികകൾ നിർത്തലാക്കിയെന്നതടക്കമുള്ള വിവരങ്ങൾ കൃത്യമായും വേഗത്തിലും കണ്ടെത്താൻ കഴിയുംവിധം സംസ്ഥാനത്തെ എല്ലാ സർക്കാർ വകുപ്പുകളും ജീവനക്കാരുടെ സമ്പൂർണ്ണ വിവരങ്ങളടങ്ങിയ ഡേറ്റാ ബേസ് സമയബന്ധിതമായി തയ്യാറാക്കുന്നതിനും അത് അപ്ഡേറ്റ് ചെയ്യുന്നതിനും ആവശ്യമായ പ്രോഗ്രാം തയ്യാറാക്കി നടപ്പാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഇതിനായി എല്ലാ വകുപ്പദ്ധ്യക്ഷന്മാരും ആവശ്യമായ നിർദ്ദേശങ്ങൾ താഴെത്തലങ്ങളിലേക്ക് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

17. ഇപ്പോൾ നടത്തിവരുന്ന പി.എസ്.സി. റിക്രൂട്ട്മെന്റ് രീതി പരിഷ്ക്കരിക്കണമെന്ന ജി.എ.ഡി. സെക്രട്ടറിയുടെ നിർദ്ദേശം സമിതി പരിഗണിച്ചു. അതനുസരിച്ച് യു.പി.എസ്.സി. നടത്തുന്നതുപോലെ രണ്ടു വർഷത്തിനുശേഷം ഉണ്ടാകാനിടയുള്ള ഒഴിവുകൾ മുൻകൂട്ടി കണ്ടെത്തി റിപ്പോർട്ട് ചെയ്ത് ടെസ്റ്റും ഇന്റർവ്യൂവും നടത്തി ഉദ്യോഗാർത്ഥികളുടെ തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാക്കുകയും ആ ബാച്ചിന് ട്രെയിനിംഗ് നൽകുകയും ചെയ്യുന്നത് ഏറെ അഭികാമ്യമായ കാര്യമാണ്. രണ്ടു വർഷത്തിനുശേഷം ഉണ്ടാകാനിടയുള്ള ഒഴിവുകൾ മുൻകൂട്ടി റിപ്പോർട്ടു ചെയ്തു കഴിഞ്ഞാൽ യഥാർത്ഥത്തിൽ ഒഴിവുകൾ വരുമ്പോഴേയ്ക്കും ടെസ്റ്റും ഇന്റർവ്യൂവും കഴിഞ്ഞ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ കഴിയും. ആകയാൽ പി.എസ്.സി.യുടെ റിക്രൂട്ട്മെന്റ് നടപടിക്രമങ്ങൾ മേൽ മാതൃകയിൽ പരിഷ്ക്കരിക്കാൻ ആവശ്യമായ ശുപാർശ നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

18. 19-7-2008-ലെ ജി.ഒ.(പി) നമ്പർ 46/2008/സാ.ക്ഷേ.വ. ഉത്തരവ് പ്രകാരം 100 ഒഴിവുകളുള്ള റൊട്ടേഷനിൽ 33, 66, 99 എന്നീ ക്രമ നമ്പരുകളിലെ അവസരങ്ങൾ യഥാക്രമം അന്ധർ, ബധിരരും മൂകരും, അസ്ഥിവൈകല്യമുള്ളവർ എന്നീ വിഭാഗങ്ങൾക്കായി സംവരണം ചെയ്യുകയും അതുപ്രകാരം വികലാംഗരായ ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കേണ്ടതുമാണ്. എന്നാൽ നിയമനം പി.എസ്.സി.ക്ക് വിടുന്നതിന് മുമ്പ് 14-7-1998-ൽ ജി.ഒ.(പി) 20/98 നമ്പരായി പി.&എ.ആർ.ഡി. ഇറക്കിയ ഉത്തരവിൽ വികലാംഗർക്കുള്ള 3% സംവരണത്തിൽനിന്നും സർക്കാർ സർവ്വീസിലെ ചില തസ്തികകളിലേക്ക് ഏതൊക്കെ വൈകല്യമുള്ളവരെ പരിഗണിക്കാം എന്ന് നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ എൽ.ഡി. ക്ളാർക്കിന്റെ യോഗ്യത താഴെപ്പറയും പ്രകാരമാണ്: “the post of Clerk has been declared as suitable for Orthopaedically handicapped-Upper Extremities (Minor Defects) Lower Extremities (minor defects) & Deaf and Dumb only”. എന്നാൽ ഭാഗികമായി അന്ധതയുള്ളവരെകൂടി എൽ.ഡി.സി. തസ്തികയിലേക്ക് പരിഗണിക്കണമെന്ന് പി.എസ്.സി 2009. ഒക്ടോബർ 7-ന് സർക്കാരിനോട് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യക്ഷേമ വകുപ്പ് 2010 ഫെബ്രുവരി 9-ലെ ജി.ഒ.(പി) 9/2010/സാ.ക്ഷേ.വ. നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചു (അനുബന്ധം-II). പ്രസ്തുത ഉത്തരവിൽ എൽ.ഡി.സി.യുടെ യോഗ്യതയായി താഴെപ്പറയുംപ്രകാരം പുനർനിർണ്ണയിക്കുകയുണ്ടായി: “The Common category post of LDC is declared as suitable for 3% reservation in appointment of Disabled persons, limited to the categories of Orthopeadically Handicapped-Upper Extremities (minor) and Lower Extremities, Deaf and the Partially Blind”

19. 14-7-1998-ലെ ഉത്തരവിൽ എൽ.ഡി.സി. നിയമനത്തിന് 'ബധിരരും മൂകരും' എന്ന് ഉൾപ്പെടുത്തുകയും 2010 ഫെബ്രുവരി 9-ന് സാമൂഹ്യക്ഷേമ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിൽ പ്രസ്തുത വാക്കുകൾ ഒഴിവാക്കി 'ബധിരർ' എന്ന് മാത്രം രേഖപ്പെടുത്തുകയും ചെയ്തതുമൂലം വികലാംഗ സർട്ടിഫിക്കറ്റിൽ ബധിരനും മൂകനും എന്ന് രേഖപ്പെടുത്തി കിട്ടിയ ഉദ്യോഗാർത്ഥികൾക്ക് ലഭിക്കേണ്ട സംവരണാനുകൂല്യം ലഭിക്കാതെ പോകുകയും അർഹതയുള്ളവർക്ക് അവസരം നഷ്ടപ്പെടുകയും ചെയ്യുന്നു. അർഹരായ ബധിരരേയും മൂകരേയും പരിഗണിക്കത്തക്കവിധം 2010 ഫെബ്രുവരി 9-ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിലെ അവ്യക്തത ഒഴിവാക്കി മുൻകാല പ്രാബല്യത്തോടു കൂടി പുതിയ ഉത്തരവ് അടിയന്തിരമായി പുറപ്പെടുവിക്കണമെന്ന് സാമൂഹ്യക്ഷേമ വകുപ്പിനോട് സമിതി ശുപാർശ ചെയ്യുന്നു.

20. വികലാംഗരുടെ അവകാശങ്ങളെയും ആനുകൂല്യങ്ങളെയും കുറിച്ച് ബോധവൽക്കരണം നൽകുന്നതിന്റെ ഭാഗമായി ബോർഡുകൾ സ്ഥാപിക്കണമെന്നും വീഡിയോ ക്ലിപ്പുകൾ, ഡോക്യുമെന്ററികൾ എന്നിവ തയ്യാറാക്കി വിവിധ വാർത്താ മാധ്യമങ്ങളിലൂടെ സംപ്രേഷണം ചെയ്യണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

മോൻസ് ജോസഫ്,

*അദ്ധ്യക്ഷൻ,*
*സ്ത്രീകളുടെയും കുട്ടികളുടെയും*
*വികലാംഗരുടെയും ക്ഷേമം*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2012 ജൂലൈ 24.